സ്റ്റോറ് ഇൻഷ്വറൻസ്

*ചോ. നം. (വ്യവ) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ.—

(എ) സംയോജനത്തിനുമുൻപ് സ്റ്റോറ് ഇൻഷ്വറൻസിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട്;

(ബി) സംയോജനത്തിനു ശേഷം ചേർന്നിട്ടുള്ള അംഗങ്ങളുടെ സംഖ്യ എന്താണ്; തൽസംബന്ധമായി എത്ര സംഖ്യ ഗവൺമെണ്ടിലേയ്ക്ക് വരവുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) സംയോജനത്തിനുമുമ്പ് സ്റ്റോറ് ഇൻഷ്വറൻസിൽ ഫുൾവുമുള്ള അംഗങ്ങളാരും ഉണ്ടായിരുന്നില്ല.

(ബി) സംയോജനത്തിനുശേഷം ഇപ്പോൾ ഫുൾവുമുള്ള അംഗങ്ങളാരും പുതുതായി ചേർന്നിട്ടില്ല. ഉറപ്പുകിയ്ക്കുള്ള ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്.

ഗവൺമെണ്ടിൽനിന്നും കൊടുത്തിട്ടുള്ള ലോണും, അഡ്വാൻസും

*ചോ. നം. (വ്യവ) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

ഗവൺമെണ്ടിൽനിന്നും കടമായും, അഡ്വാൻസായും കഴിഞ്ഞ ബഡ്ജറ്റ് വർഷംവരെ എത്ര സംഖ്യ കൊടുത്തിട്ടുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജാൺ): ചോദ്യത്തിൽനിന്നും എതു കാലം മുതൽ ഏതേതു കടങ്ങളും അല്ലെങ്കിൽ അഡ്വാൻസുകളും കൊടുത്തിട്ടുള്ളതിനാണ് ഉത്തരം ആവശ്യപ്പെട്ടിരിക്കുന്നതു് എന്നു് അറിയുവാൻ നിവൃത്തിയില്ല. ഏതു ഇനത്തിലുള്ളകടങ്ങളും അല്ലെങ്കിൽ അഡ്വാൻസുകളാണ് എന്നു ക്ലിപ്പുപ്പെടുത്തി ഒരു ചോദ്യം അയച്ചാൽ മറുപടി തരുന്നതിനു സന്തോഷമായിരിക്കും.

അപേക്ഷയ്ക്കു നടപടി എടുക്കുന്നതിനു നേരിടുന്ന കാലതാമസം

*ചോ. നം. (ൻ ഫ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

കയറിക്കിടക്കാൻപോലും സ്ഥലമില്ലാത്തവൻ കുത്തകപ്പാട്ടവ്യവസ്ഥയിൽ സ്ഥലം കിട്ടുന്നതിനു് അപേക്ഷിച്ചാൽ അവനു് യാതൊരു മറുപടിയും കിട്ടാതെ ഒട്ടധികം ആളുകൾ വിക്ഷമിക്കുന്നു എന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജാൺ): അറിഞ്ഞുകൂടാ. പ്രത്യേകം കേസുകൾ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അവയെപ്പറ്റി അന്വേഷിക്കുന്നതാണ്.

താലൂക്ക് സംയോജനം

*ചോ. നം (ൻ ന) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ?

(എ) കുന്നത്തുനാട് താലൂക്ക് തുരുവപേരൂർ ഡിസ്ട്രിക്റ്റിനോട് സംയോജിപ്പിച്ചതിൽ നേരിട്ട സൌകര്യാസൌകര്യങ്ങൾ രേഖപ്പെടുത്തിയ പരാതികൾ എതെങ്കിലും ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly